# GALATIANS

## ഗലാത്യലേഖനം : ഒരു പഠനം

വി. പൗലൂസിലൂടെ സഭയ്ക്കു ലഭിച്ച ശക്തമായ ലേഖനങ്ങളിൽ ഒന്നാണ് ഗലാത്യ ലേഖനം.

ഈ ലേഖനം രണ്ടു കാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നു.

1. വി.പൗലൂസിന്റെ അപ്പൊസ്ഥലത്വം. How it is authentic. അപ്പൊസ്ഥലത്വം ആധികാരിക മെങ്കിൽ മാത്രമേ പഠിപ്പിക്കൽ ആധികാരികമാകയുള്ളു.

   പൗലൂസിനു പറയാനുള്ളത് "എന്റെ ജനനം മുതൽ എന്നെ വേർതിരിച്ച് തന്റെ കൃപ യാൽ വിളിച്ചിരിക്കുന്ന ദൈവം - seperated and called from childhood". "എനിക്കു ലഭി ച്ചത് യേശുക്രിസ്തുവിന്റെ വെളിപ്പാടിനാലത്രെ."

   ഒന്നാം അദ്ധ്യായത്തിൽ തന്നെ തന്റെ അപ്പൊസ്ഥലത്വത്തിന്റെ ആധികാരികത യാതൊരു സംശയത്തിനും ഇടയാക്കാതെ ഉറപ്പാക്കുന്നു.

2. പൗലൂസിലൂടെ സഭയ്ക്കു നൽകപ്പെട്ട ഉപദേശം. Justification by faith. വിശ്വാസത്താ ലുള്ള നീതീകരണം.

   ഗലാത്യലേഖനത്തെ "കൊച്ചു റോമാ ലേഖനം" എന്നു വിളിക്കാം.

3. ക്രിസ്തുയേശുവിൽ വിശ്വാസിക്കു നൽകപ്പെട്ട സ്വാതന്ത്ര്യം . ന്യായപ്രമാണത്തിന്റെ അടി മത്വത്തിൽ നിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്യം. Liberty in Christ.

   ഒന്നാം നൂറ്റാണ്ടിൽ Judaismവും Christianityയും രണ്ടായി പിരിഞ്ഞ സമയം പൗലൂസ് തെളിയിച്ചുകൊടുത്ത ലേഖനം അത്രെ ഗലാത്യലേഖനം.

   ക്രിസ്തുയേശുവിൽ വിശ്വാസിക്കു നൽകപ്പെട്ട സ്വാതന്ത്ര്യത്തിൽ ഉറച്ചു നിൽക്കുക. അടിമ നുകത്തിൽ കുടുങ്ങരുത്. ന്യായപ്രമാണത്തിന്റെ ബന്ധനം, "നമ്മെ കുറ്റക്കാരായി കാണുന്ന ബന്ധനം" ഇതാ ക്രിസ്തുയേശുവിൽ നൽകപ്പെട്ട കൃപയുടെ സുവിശേഷം നമുക്ക് സ്വാതന്ത്ര്യം തന്നു.

   ഇതേ ലേഖനം ഒന്നാം നൂറ്റാണ്ടിൽ സഭയെ നേരായ പാത പിന്തുടരുവാൻ സഹായിച്ചു വെങ്കിൽ 1500 വർഷങ്ങൾക്കു ശേഷം Reformation നു പിന്നിൽ പ്രവർത്തിച്ചവർക്ക് ധൈര്യം പകർന്നതും ഈ ഗലാത്യലേഖനം ആയിരുന്നു. ക്രിസ്തുയേശുവിൽ നൽകപ്പെട്ട ഈ സ്വാതന്ത്ര്യത്തെ സഭാവിശ്വാസികൾ വീണ്ടും കണ്ടെത്തി ഈ ലേഖനത്തിൽ.

   ഗലാത്യലേഖനത്തെ അറിയപ്പെട്ടത് "the corner stone of protestant reformation" എന്നത്രെ. People called it Luther's Book during Reformation Period. Martin Luther - ഗലാത്യലേഖനത്തിൽ നിന്നും ധാരാളം പ്രസംഗിക്കുകയും ഈ പുസ്തകത്തിന്റെ commentaryഎഴുതുകയും ചെയ്തു. ധാരാളം സാധാരണക്കാർ അത് വായിക്കാനും പഠി ക്കാനും ഇടയായി. മാർട്ടിൻ ലൂഥർ ഗലാത്യലേഖനത്തെ വിളിച്ചു "My Wife"എന്ന്. It is considered the "MAGNA CARTA" of Christian Liberty.

   ഇന്നും ഈ ഗലാത്യലേഖനം പുത്തൻ തലമുറയോട് പറയുന്നു. "പാപ ജീവിതത്തിൽ നിന്നും വിടുതൽ പ്രാപിക്കാൻ ഒരേ ഒരു മാർഗ്ഗമേ ദൈവം തന്നിട്ടുള്ളു. അത് പ്രവർത്തി യാലല്ല. അത് യേശുക്രിസ്തുവിങ്കലെ വിശ്വാസത്താൽ ദൈവം തമ്പുരാൻ നൽകിയ കൃപയുടെ സുവിശേഷത്തിലൂടെ."

   Galatia - ഗലാത്യ എവിടെ? രണ്ട് അഭിപ്രായങ്ങൾ ഉണ്ട്.

1 ഏഷ്യ മൈനറിനു വടക്കുള്ള പ്രദേശം. യൂറോപ്പിന്റെ പടിഞ്ഞാറൻ പ്രദേശത്തു നിന്നും കുടിയേറി പാർത്ത ജനം.

2 ലുസ്ത്ര, ദർബ, Iconium പിസിഥ്യയിലെ അന്തോഖ്യ. വി. പൗലൂസ് ഒന്നാം മിഷനറി യാത്രയിൽ സുവിശേഷം അറിയിച്ചു കടന്നുപോയ പ്രദേശങ്ങൾ.

fleettech@gmail.com

രണ്ടാമത്തെ ഭൂപ്രദേശമാകാനുള്ള സാധ്യത വളരെയാണ്. കാരണം യഹൂദാ വിഭാഗത്തിൽ നിന്ന് വിശ്വാസത്തിലേക്ക് വന്നവരും, ന്യായപ്രമാണത്തിലെ ചിലതെല്ലാം ക്രിസ്തീയ സഭാവിശ്വാസികൾ പാലിക്കണമെന്നും നിർബന്ധിക്കുന്ന വ്യക്തികൾ കൂടുതലും രണ്ടാമത്തെ ഭൂപ്രദേശത്താണ്.

Time of writing

കൃത്യമായി എഴുതിയ സമയം അറിയാൻ കഴിഞ്ഞിട്ടില്ല. എങ്കിലും A.D 48-ൽ ആയിരിക്കാം ഗലാത്യലേഖനം എഴുതിയത് എന്ന് കരുതപ്പെടുന്നു. യരുശലേം council നടക്കുന്നതിന് തൊട്ടുമുമ്പുള്ള സമയം.

Theme

വിശ്വാസത്താലുള്ള നീതീകരണം. ന്യായപ്രമാണത്തിന്റെ അടിമത്വത്തിൽനിന്നും യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ നമുക്ക് വിടുതൽ ലഭിച്ചിരിക്കുന്നു.

Inherit the Gospel of grace. Be deliverd from the curse of law. The blood of Lord Jesus Christ cleanses and delivers. Enjoy the Liberty in Lord Jesus Christ.

Introduction 1:1-10   Salutation 1:1-5

മറ്റു ലേഖനങ്ങളിൽ കാണുന്ന ഊഷ്മളമായ സംബോധനാവാക്യങ്ങളൊന്നും ഗലാത്യലേഖനത്തിന്റെ തുടക്കത്തിൽ കാണുന്നില്ല.

തുടക്കത്തിൽ തന്നെ "അപ്പോസ്തലത്വ"ത്തിന്റെ ആധികാരികത എന്ന വിഷയത്തിലേക്ക് വായനക്കാരെ കൊണ്ടുപോകുകയാണ് ചെയ്യുന്നത്.

കർത്താവിനോട് കൂടെ നടന്ന 12 അപ്പോസ്തലന്മാരിൽപ്പെട്ട ആളല്ല വി.പൗലൂസ്. എന്നാൽ ആ 12 പേരിൽ ഒരു തരത്തിലും കുറവുള്ളവനല്ല താനും.

അപ്പസ്തലൻ : ദൈവത്തിനു വേണ്ടി സംസാരിക്കാൻ അയയ്ക്കപ്പെട്ടവൻ

: അധികാരം ലഭിച്ച പദവി തന്നെ.

: Deligate to speak for God. An authentic Representative

Gal. 1:1 — മനുഷ്യരിൽ നിന്നല്ല : Not from men. മനുഷ്യരാരുമല്ല പൗലൂസിനെ തിരഞ്ഞെടുത്തത്.

അന്ന്യാസിൽ നിന്നല്ല (Acts 9:10-17) ബർന്നബാസിൽ നിന്നുമല്ല. (Acts 9:27, Acts 11:25-26)

Acts 9:10-17 — *എന്നാൽ അനന്യാസ് എന്നൊരു ശിഷ്യൻ ദമസ്കൊസിൽ ഉണ്ടായിരുന്നു: അവനെ കർത്താവു ഒരു ദർശനത്തിൽ: അനന്യാസേ എന്നു വിളിച്ചു. കർത്താവേ, അടിയൻ ഇതാ എന്നു അവൻ വിളികേട്ടു. കർത്താവു അവനോടു: നീ എഴുന്നേറ്റു നേർവ്വീഥി എന്ന തെരുവിൽ ചെന്നു, യൂദയുടെ വീട്ടിൽ തർസൊസുകാരനായ ശൗൽ എന്നു പേരുള്ളവനെ അന്വേഷിക്ക; അവൻ പ്രാർത്ഥിക്കുന്നു; അനന്യാസ് എന്നൊരു പുരുഷൻ അകത്തു വന്നു താൻ കാഴ്ച പ്രാപിക്കേണ്ടതിന്നു തന്റെ മേൽ കൈ വെക്കുന്നതു അവൻ കണ്ടിരിക്കുന്നു എന്നു കല്പിച്ചു. അതിന്നു അനന്യാസ്: കർത്താവേ, ആ മനുഷ്യൻ യെരൂശലേമിൽ നിന്റെ വിശുദ്ധന്മാർക്കു എത്ര ദോഷം ചെയ്തു എന്നു പലരും പറഞ്ഞു ഞാൻ കേട്ടിരിക്കുന്നു. ഇവിടെയും നിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നവരെ ഒക്കെയും പിടിച്ചുകെട്ടുവാൻ അവന്നു മഹാപുരോഹിതന്മാരുടെ അധികാരപത്രം ഉണ്ടു എന്നു ഉത്തരം പറഞ്ഞു. കർത്താവു അവനോടു: നീ പോക; അവൻ എന്റെ നാമം ജാതികൾക്കും രാജാക്കന്മാർക്കും യിസ്രായേൽമക്കൾക്കും മുമ്പിൽ വഹിപ്പാൻ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നൊരു പാത്രം ആകുന്നു. എന്റെ നാമത്തിന്നു വേണ്ടി അവൻ എന്തെല്ലാം കഷ്ടം അനുഭവിക്കേണ്ടതാകുന്നു എന്നു ഞാൻ അവനെ കാണിക്കും എന്നു പറഞ്ഞു. അങ്ങനെ അനന്യാസ് ആ വീട്ടിൽ ചെന്നു അവന്റെമേൽ കൈ വെച്ചു: ശൗലേ, സഹോദരാ, നീ കാഴ്ച പ്രാപിച്ചു പരിശുദ്ധാത്മപൂർണ്ണൻ ആകേണ്ടതിന്നു നീ വന്ന വഴിയിൽ നിനക്കു പ്രത്യക്ഷനായ യേശു എന്ന കർത്താവു എന്നെ അയച്ചിരിക്കുന്നു എന്നു പറഞ്ഞു.*

fleettech@gmail.com

| | |
|---|---|
| Acts 9:27 | *ബർന്നബാസോ അവനെ കൂട്ടി അപ്പൊസ്തലന്മാരുടെ അടുക്കൽ കൊണ്ടു ചെന്നു; അവൻ വഴിയിൽ വെച്ചു കർത്താവിനെ കണ്ടതും കർത്താവു അവനോടു സംസാരിച്ചതും ദമസ്കൊസിൽ അവൻ യേശുവിന്റെ നാമത്തിൽ പ്രാഗത്ഭ്യത്തോടെ പ്രസംഗിച്ചതും എല്ലാം അവരോടു വിവരിച്ചു പറഞ്ഞു.* |
| Acts 11:25-26 | *അവൻ ശൗലിനെ തിരവാൻ തർസൊസിലേക്കു പോയി, അവനെ കണ്ടെത്തിയാറെ അന്ത്യൊക്ക്യയിലേക്കു കൂട്ടിക്കൊണ്ടുവന്നു. അവർ ഒരു സംവത്സരം മുഴുവനും സഭായോഗങ്ങളിൽ കൂടുകയും ബഹുജനത്തെ ഉപദേശിക്കയും ചെയ്തു; ആദ്യം അന്ത്യൊക്ക്യയിൽവെച്ചു ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്നു പേർ ഉണ്ടായി.* |
| | യേശുക്രിസ്തുവിനാലും, പിതാവായ ദൈവത്താലും:- From the Risen Lord |
| | ഉയർത്തെഴുന്നേറ്റ കർത്താവാണ് പൗലൂസിനെ വിളിച്ചതും വേലയ്ക്കായി നിയോഗിച്ചതും. |
| Gal. 1:2 | ഈ കത്തെഴുതുന്നതിൽ കുറെപ്പേർകൂടി പങ്കു ചേർന്നിട്ടുണ്ട്. കൂടെയുള്ള സകല സഹോദരന്മാരും അന്ത്യോഖ്യയിലെ സഭയിൽ പൗലൂസിനോടോപ്പം ശുശ്രൂഷ ചെയ്ത ഉപദേഷ്ഠാക്കന്മാരും പ്രവാചകന്മാരും എല്ലാവരും ചേർന്ന് ഗലാത്യ സഭകൾക്ക് എഴുതുന്നു. |
| | ഇതിൽ പലരും ഉണ്ടാകാം ഉദാ: ബർന്നബാസ് |
| Acts 13:1 | *അന്ത്യൊക്ക്യയിലെ സഭയിൽ ബർന്നബാസ്, നീഗർ എന്നു പേരുള്ള ശിമോൻ, കുറേനക്കാരനായ ലൂക്യൊസ്, ഇടപ്രഭുവമായ ഹെരോദാവോടുകൂടെ വളർന്ന മനായേൻ, ശൗൽ എന്നീ പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും ഉണ്ടായിരുന്നു.* |
| | ഇതിന്റെ അർത്ഥം ഗലാത്യലേഖനത്തിലെ ഉപദേശം പൗലൂസിന്റെ മാത്രം അഭിപ്രായമല്ല. നേരെ മറിച്ച് അന്നത്തെ അന്ത്യോഖ്യയിൽ പൗലൂസിനോടുകൂടെ ഉണ്ടായിരുന്ന എല്ലാ നേതാക്കളും ചേർന്നെടുത്ത അഭിപ്രായം എന്നു കരുതാം. |
| | ഗലാത്യദേശത്തുള്ള പല സഭകളിലും വായിക്കാൻ വേണ്ടി അയച്ച circular ലേഖനം എന്നു പറയാം. Lystra, Derbe, Inonium, Pisidian Antioch. |
| Gal. 1:3-5 | Salutation. Traditional Greek & Hebrew forms of Greeting. |
| | Grace & Peace കൃപയും സമാധാനവും. |
| | തന്റെ കേൾവിക്കാരുടെ മേൽ ദൈവകൃപയും സമാധാനവും ഉണ്ടാകട്ടെ എന്നുള്ള പ്രാർത്ഥന ഇതിൽ അടങ്ങിയിരിക്കുന്നു. |
| | കൃപയുടെയും സമാധാനത്തിന്റെയും ഉറവിടം. പിതാവായ ദൈവവും കർത്താവായ യേശുക്രിസ്തുവും തന്നെ. |
| Gal. 1:3,4,5 | ഈ Salutation ൽ കർത്താവായ യേശുക്രിസ്തുവിൻ ശുശ്രൂഷയുടെ Delivering Power (വിടുതലിന്റെ ശക്തി) വർണ്ണിച്ചിരിക്കുന്നു. |
| | കിസ്തു നമ്മെ ഇപ്പോഴത്തെ ദുഷ്ട ലോകത്തിൽ നിന്നും വിടുവിക്കേണ്ടതിന് നമ്മുടെ പാപങ്ങൾ നിമിത്തം തന്നെത്താൻ ഏല്പിച്ചു കൊടുത്തു. He gave himself for our sins. |
| 1 Tim 2:6 | *എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നേ.* |
| Titus 2:14 | *അവൻ നമ്മെ സകല അധർമ്മത്തിൽനിന്നും വീണ്ടെടുത്തു സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളോരു സ്വന്തജനമായി തനിക്കു ശുദ്ധീകരിക്കേണ്ടതിന്നു തന്നെത്താൻ നമുക്കുവേണ്ടി കൊടുത്തു.* |
| 1 Peter 3:18 | *ക്രിസ്തുവും നമ്മെ ദൈവത്തോടു അടുപ്പിക്കേണ്ടതിന്നു നീതിമാനായി നീതികെട്ടവർക്കു വേണ്ടി പാപം നിമിത്തം ഒരിക്കൽ കഷ്ടം അനുഭവിച്ചു, ജഡത്തിൽ മരണശിക്ഷ ഏൽക്കയും ആത്മാവിൽ ജീവിപ്പിക്കപ്പെടുകയും ചെയ്തു.* |
| | യേശു ക്രിസ്തുവിൻ ക്രൂശുമരണം "ദൈവത്തിന്റെ നീതി"നിവർത്തിച്ചു. അതിലൂടെ |

fleettech@gmail.com

വിശ്വസിക്കുന്ന ഏവരെയും ക്രിസ്തുയേശുവിൽ ദൈവത്തോട് നിരപ്പിച്ചു.

രണ്ടു കാര്യങ്ങൾ ഈ Salutation ൽ നാം കാണുന്നു.

യേശുക്രിസ്തുവിൻ ക്രൂശുമരണം.

1. ഇപ്പോഴത്തെ ദുഷ്ടലോകത്തിൽ നിന്നു നമ്മെ വിടുവിക്കുന്നു.

2. വിശ്വസിക്കുന്ന ഏവരെയും ദൈവവുമായി നിരപ്പിക്കുന്നു.

വിശ്വാസിക്കെതിരായി നിരന്തരം പോരാടിക്കൊണ്ടിരിക്കുന്ന അദൃശ്യമായ ദുഷ്ട ശക്തിക്കെതിരെ നമ്മെ ശക്തീകരിക്കുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവ്.

The Indwelling holy spirit in each believer.

മാത്രമല്ല ദൈവവുമായി നിരപ്പ് പ്രാപിച്ചതിനാൽ "ന്യായവിധി"യിൽ നിന്നും കൂടെ വിടുവിക്കപ്പെട്ടു.

ന്യായപ്രമാണത്തിന്റെ ആചരണത്തിലൂടെ നേടുവാൻ നോക്കി കാത്തിരുന്ന യഹൂദാ ജനത്തിന്റെ മുമ്പിൽ ഇതാ കൃപയുടെ സുവിശേഷം. വിശ്വാസത്താൽ കാത്തിരുന്ന തിനെ സ്വന്തമാക്കൂ.

1:1-5 വരെയുള്ള വാക്യങ്ങളിൽ ഗലാതൃസഭയുടെ മുമ്പിൽ ശക്തിയായി 3 കാര്യങ്ങൾ സമർത്ഥിച്ചു.

1. വി.പൗലൂസ് യേശുക്രിസ്തുവിനാൽ പേർചൊല്ലി വിളിച്ചു വേർതിരിക്കപ്പെട്ട അപ്പൊ സ്തലൻ തന്നെ.

2. മാനവജാതിയുടെ രക്ഷയ്ക്ക് "യേശു ക്രിസ്തുവിന്റെ ശരീരയാഗം" അല്ലാതെ വേറൊരു മാർഗ്ഗവും ഇല്ല.

3. ഒരു പ്രവർത്തിയും "രക്ഷ" നേടുവാനായി യോഗ്യമായിട്ടില്ല.

The denunciation 1:6-10

Gal. 1:6-7 സാധാരണ ലേഖനങ്ങളിലൊക്കെ "നിങ്ങളെക്കുറിച്ചോർത്ത് എന്റെ ദൈവത്തിന് നന്ദി കരേറ്റുന്നു" എന്നൊക്കെയാണ് എഴുതാറുള്ളത്. എന്നാൽ ഇവിടെ കർക്കശമായി വിഷ യത്തിലേക്ക് കടക്കുന്നു.

കൊരിന്ത്യസഭയിലെ ദുർനടപ്പിനെതിരായി എഴുതിയപ്പോൾ ഇതിലും ശാന്തമായിട്ടാണ് പ്രതികരിച്ചത്.

why ?

ജീവിതപ്പെശക് നേരെയാക്കാൻ അനുതപിച്ച് നുറുങ്ങിയ ഹൃദയത്തോട് മാപ്പ പേക്ഷിച്ചാൽ മതി. എന്നാൽ ഉപദേശപരമായ പിശക് സങ്കീർണ്ണമായി അനേകരെ ബാധിച്ചു കഴിഞ്ഞു. അതിനാൽ അതിനെതിരായി ശക്തിയായി പ്രതികരിച്ചേ പറ്റൂ.

സത്യത്തിൽ നിന്ന് തെറ്റിപ്പോകുന്ന ഗലാതൃർ.

അതും ഇത്ര പെട്ടന്ന്.

ഒന്നാം മിഷനറി യാത്രയിൽ സ്ഥാപിച്ച സഭ. ഒന്നാം മിഷനറി യാത്ര കഴിഞ്ഞ് അന്ത്യോ ഖ്യയിൽ തിരിച്ചെത്തിയതേയുള്ളു. ഇത്രപെട്ടന്ന് വേറൊരു സുവിശേഷത്തിലേക്ക് മറി യുന്നു.

False Teachers. ദുരുപദേഷ്ടാക്കൾ

ചെറിയ തെറ്റല്ല - ഗലാതൃയിലെ വിശ്വാസികളെ ക്രിസ്തുയേശുവിൽ വിളിച്ച ദൈവത്തെ വിട്ട് മാറിപ്പോകുന്നു.

"വേറൊരു സുവിശേഷം" അവർ തേടുന്നു.

വിശ്വാസത്താലുള്ള വിടുതൽ സ്വന്തമാക്കിയവർ ഇതാ വിടുതലിനായി, രക്ഷയ്ക്കായി ന്യായപ്രമാണത്തിന്റെ പ്രവൃത്തി കൂടെ വേണമെന്ന് പറയുന്നു. ഇതാണ് satanic trick.

fleettech@gmail.com

Satan is attempting to pervert the Gospel.

ഈ ലേഖനം വിശുദ്ധ പൗലൂസ് എഴുതുന്ന സമയത്ത് ദുരുപദേഷ്ടാക്കൾ ഗലാത്യസഭകളിൽ ഉടനീളം വിശ്വാസികളെ തെറ്റിച്ചുകൊണ്ടിരിക്കുകയായിരുന്നു.

Acts 15:24 *ഞങ്ങൾ കല്പന കൊടുക്കാതെ ചിലർ ഞങ്ങളുടെ ഇടയിൽനിന്നു പുറപ്പെട്ടു നിങ്ങളെ വാക്കുകളാൽ ഭ്രമിപ്പിച്ചു നിങ്ങളുടെ ഹൃദയങ്ങളെ കലക്കിക്കളഞ്ഞു എന്നു കേൾക്കകൊണ്ടു ഞങ്ങൾ ചില പുരുഷന്മാരെ തിരഞ്ഞെടുത്തു.*

Acts 20:29-30 *ഞാൻ പോയ ശേഷം ആട്ടിൻ കൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു.*

*ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്നും എഴുന്നേല്ക്കും.*

Gal.1:8 ആരും ആയിക്കൊള്ളട്ടെ. ഒരു വിശുദ്ധ അപ്പോസ്തലൻ ആകട്ടെ. ഒരു ദൂതൻ (Angel) ആയിക്കൊള്ളട്ടെ. He remains cursed. Eternally cursed.

യേശുക്രിസ്തുവിലൂടെ നൽകപ്പെട്ടസുവിശേഷത്തിനെതിരായി ആരു നിന്നാലും അവൻ ശാപഗ്രസ്തൻ.

Gal.1:9 വീണ്ടും repeat ചെയ്തു ഇതേ കാര്യം തന്നെ പറയുന്നു. പ്രവർത്തിമൂലമാണ് ഒരുവൻ രക്ഷിക്കപ്പെടുന്നതെങ്കിൽ ക്രിസ്തുവിന്റെ ക്രൂശും രക്തവും കഷ്ടാനുഭവങ്ങളും വിലയില്ലാത്തതായിത്തീരും.

അതല്ല സുവിശേഷം. രക്ഷക്ക് കാരണം "faith". വിശ്വാസത്താലുള്ള നീതികാരണം സൗജന്യമായ നീതികരണം. അതിനു കാരണം വിശ്വാസം. ഒന്നും അതിനോട് ചേർക്കരുത്. അതാണ് Gospel.

Gal.1:10 ദുരുപദേഷ്ടാക്കൾ പ്രചരിപ്പിച്ചു - Paul ജാതികളെ പ്രീതിപ്പെടുത്താൻ നോക്കുന്നതു കൊണ്ടാണ് ന്യായപ്രമാണത്തിന്റെ പ്രവൃത്തിയെപ്പറ്റി പറയാത്തതെന്ന്. അതിനുള്ള മറുപടിയാണ് ഈ വാക്യം.

വി.പൗലൂസ് മനുഷ്യരെ പ്രസാദിപ്പിക്കാൻ നോക്കിയിരുന്നെങ്കിൽ ഒരിക്കലും തന്റെ യഹൂദ സഭയിലുള്ള പദവി വിട്ടുപോരില്ല. ഒരു പരീശനായി തുടർന്നേനേ.

എന്നാൽ അതെല്ലാം ചപ്പും ചവറും എന്നു പറഞ്ഞ് ഉപേക്ഷിച്ച് ക്രിസ്തുവിന്റെ എളിയ ദാസനായി ജീവിക്കുന്നത്, മനുഷ്യരെയല്ല ദൈവത്തെ പ്രസാദിപ്പിക്കാൻ വാഞ്ചിക്കുന്നതു കൊണ്ടാണ്.

മാത്രമല്ല ഈ ഗലാത്യലേഖനം ഇത്ര കർക്കശ വാക്കുകൾ ഉപയോഗിച്ച് എഴുതുന്നത് തന്നെ ദൈവത്തെ മാനിക്കുന്നതുകൊണ്ടാണ്. മനുഷ്യരെ പ്രസാദിപ്പിക്കാൻ ആരും ഇത്ര കർക്കശ വാക്കുകൾ ഉപയോഗിച്ച് ശക്തിയായി ദൂതു കൊടുക്കില്ല.

1:11-2:21 Personal : A Defense of Pauls Authority

തന്റെ അപ്പൊസ്തലത്വത്തെ ചോദ്യം ചെയ്യുന്നവർക്കെതിരെ 3 കാര്യങ്ങൾ നിരത്തുന്നു.

1. മറ്റു അപ്പൊസ്ഥലന്മാരെ യരുശലേമിൽ കണ്ടുമുട്ടുന്നതിനു മുമ്പുതന്നെ താൻ അപ്പൊസ്ഥലൻ ആയിരുന്നു.
2. മറ്റു അപ്പൊസ്തലന്മാർ തന്നെ കണ്ടപ്പോൾ അവരിൽ ഒരുവനായി, തുല്യനായി തന്നെ സ്വീകരിച്ചു.
3. പത്രോസിൽ തെറ്റു കണ്ടപ്പോൾ അവിടെ വച്ച് പത്രോസിനെ ശാസിക്കാനും തനിക്കു കഴിഞ്ഞു.

Gal.1:11-12 സുവിശേഷം മനുഷ്യൻ ഉണ്ടാക്കിയതല്ല. മനുഷ്യൻ ഉണ്ടാക്കുന്ന മതങ്ങൾ മനുഷ്യരുടെ മേന്മയും മനുഷ്യരുടെ പ്രവർത്തിയും ഒക്കെ രക്ഷക്ക് നിദാനമായി എടുത്തു കാട്ടും.

വിശുദ്ധ പൗലൂസ് പ്രസംഗിച്ച സുവിശേഷം മനുഷ്യരിൽ നിന്നുള്ളതല്ല, അനന്യാ

fleettech@gmail.com

സിൽ നിന്നോ, സ്തേഫാനോസിൽ നിന്നോ, ബർന്നബാസിൽ നിന്നോ കേട്ട സുവിശേഷം അല്ല പൗലൂസ് പ്രസംഗിച്ചത്. നേരെ മറിച്ച് ഉയർത്തെഴുന്നേറ്റ കർത്താവിൽ നിന്നും നേരിട്ട് പ്രാപിച്ച വിശുദ്ധ സുവിശേഷമത്രെ പൗലൂസ് പ്രസംഗിച്ചത്.

അതുകൊണ്ട് ഗലാത്യർക്ക് അതിനെ ചോദ്യം ചെയ്യാൻ കഴിയില്ല.

അതുകൊണ്ട് ഗലാത്യർ തങ്ങൾ വിശ്വസിച്ച് സ്വീകരിച്ച കൃപയുടെ സുവിശേഷത്തിൽ നിന്നും വ്യതിചലിക്കാനും കാരണമില്ല.

### 1:13-14 Events Before Paul's Conversion

മാനസാന്തരത്തിനു മുമ്പുള്ള പൗലൂസ് – തർസോസിലെ ശൗൽ വിശ്വാസികളെ പീഢിപ്പിക്കാൻ രാപ്പകൽ അദ്ധ്വാനിച്ച് നടന്നവൻ.

Acts 26:9-11

*നസറായനായ യേശുവിന്റെ നാമത്തിന്നു വിരോധമായി പലതും പ്രവർത്തിക്കേണം എന്നു ഞാനും വിചാരിച്ചു സത്യം. അതു ഞാൻ യെരൂശലേമിൽ ചെയ്തിട്ടുമുണ്ടു; മഹാപുരോഹിതന്മാരോടു അധികാരപത്രം വാങ്ങി വിശുദ്ധന്മാരിൽ പലരെയും തടവിൽ ആക്കി അടെച്ചു; അവരെ നിഗ്രഹിക്കുന്ന സമയം ഞാനും സമ്മതം കൊടുത്തു. ഞാൻ എല്ലാ പള്ളികളിലും അവരെ പലപ്പോഴും ദണ്ഡിപ്പിച്ചുംകൊണ്ടു ദൂഷണം പറവാൻ നിർബന്ധിക്കയും അവരുടെ നേരെ അത്യന്തം ഭ്രാന്തുപിടിച്ചു അന്യപട്ടണങ്ങളോളവും ചെന്നു അവരെ ഉപദ്രവിക്കയും ചെയ്തു.*

യഹൂദാ പാരമ്പര്യത്തിൽ ശുഷ്ക്കാന്തിയുള്ള പരീശൻ. ന്യായപ്രമാണം വള്ളിപുള്ളി തെറ്റിക്കാതെ അത് നിറവേറ്റി ജീവിക്കാനായി വെമ്പൽകൊണ്ട പരീശൻ.

തന്റെ സമപ്രായക്കാരുടെ ഇടയിൽ മഹിമയേറിയ വ്യക്തി.

മോശയുടെ ന്യായപ്രമാണം പഠിക്കാൻ ജീവിതം ഉഴിഞ്ഞുവച്ച വ്യക്തി.

ഇന്നു ഗലാത്യസഭയിൽ ന്യായപ്രമാണത്തിലെ പ്രവൃത്തിയെ സംബന്ധിച്ചു പറയാനെത്തിയിട്ടുള്ള ദുരുപദേഷ്ടാക്കൾ അറിയുന്നതിലും എത്രയോ അധികം അറിയുന്നവനാണ് പൗലൂസ്.

### 1:15-16A Events at Pauls Conversion

എന്നാൽ ദൈവം പൗലൂസിന്റെ ജീവിതത്തിൽ ഇടപെട്ടു. ശക്തിയേറിയ ഇടപെടൽ. Acts 9-ാം അദ്ധ്യായത്തിൽ അതിന്റെ വിവരണം ഉണ്ട്.

പ്രധാനമായി 3 കാര്യങ്ങൾ പൗലൂസിന് പറയാനുണ്ട്.

1. ദൈവം വേർതിരിച്ചു ജനനം മുതൽ തന്നെ. ജനനം മുതൽ താൻ കടന്നു പോയ ജീവിത പാത ദൈവത്തിന്റെ training scheme ആയിരുന്നു. സുവിശേഷത്തിന്റെ പ്രസംഗകനാകാനായി പരിശീലനം കൊടുത്തിരിക്കുന്നു.

   It was a preperation to become the great preacher of Gospel.

2. ദൈവം തന്നെ വിളിച്ചത് കൃപയാലത്രെ. It was through grace that he was called. ആ വിളി തർസോസിലെ ശൗൽ ഏറ്റെടുത്തു. ദൈവത്തിന്റെ വിളിയെപ്പറ്റി റോമാ ലേഖനത്തിൽ അതിന്റെ ക്രമം രേഖപ്പെടുത്തിയിരിക്കുന്നു. Rom 8:30 – മുന്നിയമിച്ചവരെ വിളിച്ചും, വിളിച്ചവരെ നീതികരിച്ചും, നീതികരിച്ചവരെ തേജസ്കരിച്ചും ഇരിക്കുന്നു.

3. തന്റെ പുത്രനെ പൗലൂസിൽ വെളിപ്പെടുത്തി. God revealed His son in Paul. യേശുവിനെപ്പറ്റി തർസോസിലെ ശൗൽ വികലമായി മാത്രമേ അറിഞ്ഞിരുന്നുള്ളു. ശിഷ്യന്മാർ പ്രസംഗിക്കുന്നതും അതിനെ പിൻപറ്റുന്നതും തികഞ്ഞ കാപട്യമെന്ന് ശൗൽ കരുതി. എന്നാൽ ദൈവം ശൗലിന് യേശുവിനെ വെളിപ്പെടുത്തി കൊടുത്തു. എന്തിനായി വെളിപ്പെടുത്തി ?

ജാതികളോട് ഈ സുവിശേഷം അറിയിക്കുവാൻ പൗലൂസിന്റെ ശുശ്രൂഷ ഈ ദർശനത്തിന് ചേർന്നതായിരുന്നു. ജാതികളുടെ അപ്പോസ്തലൻ എന്നാണ് പൗലൂസ് അറിയപ്പെട്ടത്.

fleettech@gmail.com

Acts 9:15 — *നീ ആരാകുന്നു കർത്താവേ, എന്നു ഞാൻ ചോദിച്ചതിന്നു കർത്താവു: നീ ഉപദ്രവിക്കുന്ന യേശു തന്നേ ഞാൻ;*

Acts 13:46-47 — *അപ്പോൾ പൗലൊസും ബർന്നബാസും ധൈര്യംപൂണ്ടു: ദൈവവചനം ആദ്യം നിങ്ങളോടു പറയുന്നത് ആവശ്യമായിരുന്നു; എന്നാൽ നിങ്ങൾ അതിനെ തള്ളി നിങ്ങളെത്തന്നെ നിത്യജീവന്നു അയോഗ്യർ എന്നു വിധിച്ചുകളയുന്നതിനാൽ ഇതാ, ഞങ്ങൾ ജാതികളിലേക്കു തിരിയുന്നു.*

*'നീ ഭൂമിയുടെ അറ്റത്തോളവും രക്ഷ ആകേണ്ടതിന്നു ഞാൻ നിന്നെ ജാതികളുടെ വെളിച്ചമാക്കി വെച്ചിരിക്കുന്നു' എന്നു കർത്താവു ഞങ്ങളോടു കല്പിച്ചിട്ടുണ്ടു എന്നു പറഞ്ഞു.*

Acts 26:20 — *ആദ്യം ദമസ്കൊസിലും യെരൂശലേമിലും യെഹൂദ്യദേശത്തെങ്ങും ഉള്ളവരോടും പിന്നെ ജാതികളോടും മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു തിരിഞ്ഞു മാനസാന്തരത്തിന്നു യോഗ്യമായ പ്രവൃത്തികൾ ചെയ്യേണം എന്നു പ്രസംഗിച്ചു.*

Rom 11:13 — *എന്നാൽ ജാതികളായ നിങ്ങളോടു ഞാൻ പറയുന്നതു: ജാതികളുടെ അപ്പൊസ്തലനായിരിക്കയാൽ*

Rom 15:16 — *ദൈവം എനിക്കു നല്കിയ കൃപ നിമിത്തം നിങ്ങളെ ഓർമ്മപ്പെടുത്തുംവണ്ണം ഞാൻ ചിലേടത്തു അതിധൈര്യമായി നിങ്ങൾക്കു എഴുതിയിരിക്കുന്നു.*

Eph 3:8 — *സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനായ എനിക്കു ജാതികളോടു ക്രിസ്തുവിന്റെ അപ്രമേയധനത്തെക്കുറിച്ചു*

1Tim2:7 — *തക്കസമയത്തു അറിയിക്കേണ്ടിയ ഈ സാക്ഷ്യത്തിന്നായി ഞാൻ പ്രസംഗിയും അപ്പൊസ്തലനുമായി ഭോഷ്കല്ല, പരമാർത്ഥം തന്നേ പറയുന്നു ജാതികളെ വിശ്വാസവും സത്യവും ഉപദേശിപ്പാൻ നിയമിക്കപ്പെട്ടിരിക്കുന്നു.*

വി.പൗലൂസ് ഈ ഗലാത്യലേഖനത്തിൽ തന്റെ കേൾവിക്കാരെ അറിയിപ്പാനാഗ്രഹിക്കുന്നത് തന്റെ ജീവിതത്തിൽ നടന്ന സകല സംഭവങ്ങളും ദൈവത്തിന്റെ തെരഞ്ഞെടുപ്പിനാൽ നടന്നു എന്നു തന്നെ.

സഭയെ ഉപദ്രവിച്ചവൻ എന്ന നീച പദവിയിൽ നിന്നും സുവിശേഷത്തിന്റെ പ്രസംഗി എന്ന നിലയിലേക്ക്.

### 1:16 B -24 Events After Paul's Conversion

Gal 1:16B -17 — വി.പൗലൂസ് കർത്താവിന്റെ ദർശനം ഉണ്ടായശേഷം എന്തു ചെയ്തു. കർത്താവിന്റെ ശിഷ്യന്മാരായ അപ്പോസ്തലന്മാരുടെ അടുക്കൽ പോയില്ല. നേരെ പോയത് "അറേബ്യ"യിലേക്കായിരുന്നു.

ക്രിസ്തീയ വിശ്വാസം, സുവിശേഷം ഇവ സംബന്ധിച്ച് ആരിൽ നിന്നും പഠിക്കാൻ ശ്രമിച്ചില്ല. അതേ സമയം കർത്താവിൽ നിന്ന് തനിച്ചിരുന്ന് പഠിക്കാനായി ഏകാന്തമായ സ്ഥലം തെരഞ്ഞെടുത്തതായിരിക്കണം. അറേബ്യയിൽ പോയത് സുവിശേഷം അറിയിക്കാനായിരുന്നില്ല. പഠനം, ധ്യാനം, പ്രാർത്ഥന, ദൈവസന്നിധിയിൽ നിന്ന് ഉപദേശം കൈക്കൊൾക ഇതായിരിക്കണം വി. പൗലൂസ് അറേബ്യ സന്ദർശനത്തിൽ നിന്നും നേടിയത്.

Luke 24:27 ൽ കർത്താവ് എമ്മൗസിലേക്കു പോയ ശിഷ്യന്മാരെ മനസ്സിലാക്കിയ പ്രകാരം പഴയ നിയമത്തിൽ നിന്നു തന്നെപ്പറ്റിയുള്ളത് കർത്താവ് പൗലൂസിനെ പഠിപ്പിച്ചു കാണണം.

Luke 24:27 — *മോശെ തുടങ്ങി സകലപ്രവാചകന്മാരിൽ നിന്നും എല്ലാതിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളതു അവർക്കും വ്യാഖ്യാനിച്ചുകൊടുത്തു.*

വി.പൗലൂസ് ഈ വാക്യങ്ങളിലൂടെ സമർത്ഥിക്കുന്നു: തനിക്കു ലഭിച്ച ഉപദേശം ഉയിർത്തെഴുന്നേറ്റു എന്നേയ്ക്കും ജീവിക്കുന്ന കർത്താവിൽ നിന്നും പ്രാപിച്ചതു തന്നെ.

Gal 1:18-20 — യരുശലേമിലേക്ക് പോയത് 3 വർഷം കഴിഞ്ഞാണ്. അറേബ്യയിലും ഈ സമയത്ത് ആയിരുന്നു.

fleettech@gmail.com

യെരുശലേമിൽ പോയത് കേഫാവുമായി (പത്രോസുമായി) മുഖപരിചയം ആകേണ്ട തിനാണ് പോയത്. പത്രോസിൽ നിന്നും ഉപദേശപരമായ കാര്യങ്ങൾ പഠിക്കാനും.

യെരുശലേമിൽ വെറും 15 ദിവസം മാത്രമേ താമസിച്ചുള്ളു.

Acts 9:29 (R) *യവനഭാഷക്കാരായ യെഹൂദന്മാരോടും അവൻ സംഭാഷിച്ചു തർക്കിച്ചു; അവരോ അവനെ കൊല്ലുവാൻ വട്ടംകൂട്ടി.*

യഹൂദന്മാർ പൗലൂസിനെ കൊല്ലുവാൻ ശ്രമിക്കുന്നു എന്നറിഞ്ഞ് അവിടെ നിന്നും സ്വന്തം സ്ഥലമായ തർസോസിലേക്ക് പോയി.

പത്രോസിനെ കൂടാതെ യാക്കോബിനെ (കർത്താവിന്റെ സഹോദരൻ യാക്കോബ്) മാത്രമെ യരുശലേമിൽ വച്ച് പൗലോസ് കണ്ടുള്ളു.

യാക്കോബിനെപ്പറ്റി ഇവിടെ പറയുന്നു.

Acts 12:17 *അവർ മിണ്ടാതിരിപ്പാൻ അവൻ ആംഗ്യം കാട്ടി, കർത്താവു തന്നെ തടവിൽനിന്നു പുറപ്പെടുവിച്ച വിവരം പറഞ്ഞു കേൾപ്പിച്ചു; ഇതു യാക്കോബിനോടും ശേഷം സഹോദരന്മാരോടും അറിയിപ്പിൻ എന്നു പറഞ്ഞു; പിന്നെ അവൻ പുറപ്പെട്ടു വേറൊരു സ്ഥലത്തേക്കു പോയി.*

താൻ പറയുന്നത് സത്യം തന്നെ - ദൈവം സാക്ഷി എന്ന് പൗലൂസ് പറയുന്നു.

Gal 12:21-22 തർസോസിലേക്ക് പോയ പൗലൂസ് യഹൂദ്യയിലുള്ള അപ്പസ്തലന്മാരുമായി നിരന്തര ബന്ധത്തിലോ, അവരുടെ നിയന്ത്രണത്തിൻ കീഴിലോ ആയിരുന്നില്ല. Acts 11:25 ൽ നാം കാണുന്നു. ബർന്നബാസ് ശൗലിനെ അന്വേഷിച്ചു തർസോസിൽ പോകുന്നു. കണ്ടുമുട്ടുന്നു. വീണ്ടും കൂട്ടിക്കൊണ്ടു അന്ത്യോഖ്യയിലേക്ക് കൊണ്ടു വരുന്നു.

Acts 11:25 *അവൻ ശൗലിനെ തിരവാൻ തർസൊസിലേക്കു പോയി, അവനെ കണ്ടെത്തിയാറെ അന്ത്യൊക്ക്യയിലേക്കു കൂട്ടിക്കൊണ്ടുവന്നു.*

Gal 1:23-24 യഹൂദ്യയിലുള്ള ക്രിസ്തീയ സഭകൾ പൗലൂസിനെപ്പറ്റി കേട്ടറിവുമാത്രം ഉള്ളവർ. മുമ്പേ സഭയെ ഉപദ്രവിച്ചു. എന്നാൽ ഇന്നു ക്രിസ്തുവിനെ പ്രസംഗിക്കുന്നു. ഇത്ര മാത്രമേ അവർക്ക് അറിവുള്ളു. ഈ അറിവ് പൗലൂസിനെ ചൊല്ലി കർത്താവിനെ മഹത്വപ്പെടു ത്താൻ അവർക്കു സംഗതിയായി.

They Praised God for Paul.

യഹൂദ പാരമ്പര്യവും ന്യായപ്രമാണവും പാലിക്കണം എന്ന ദുരുപദേശം പ്രചരിപ്പിച്ച് ഗലാത്യ സഭകളെ തെറ്റിലേക്ക് നയിക്കാൻ ശ്രമിക്കുന്ന ദുരുപദേഷ്ടാക്കൾക്ക് ഈ അറിവ് പുതുമയായിരിക്കണം.

Paul is ascerting that the Gospel he preached was exactly the same practiced by all the churches in Judea, who rejoice in the conversion and preaching of Paul.

fleettech@gmail.com